"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്ക് നീലംപേരൂർ വില്ലേജിൽ റോഡ് നിർമ്മാണത്തിനായി സർവേ നം.191/6-ൽപ്പെട്ട 10 സെന്റ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയത് - WP(C)No.42314/2025-ന്മേലുള്ള ബഹു.ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.147/2026/AGRI തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-
1. നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം-2 അപേക്ഷ ഉള്ളടക്കം ചെയ്തു നീലംപേരൂർ കൃഷി ഓഫീസറുടെ 18.08.2025-ലെ എൻ.പി.ആർ 19/2025 നമ്പർ കത്ത്.
2. 19.09.2025-ലെ സംസ്ഥാനതല സമിതി യോഗ തിരുമാനം.
3. 21.10.2025-ലെ സ.ഉ.(സാധാ)നം.112/2025/AGRI നമ്പർ സർക്കാർ ഉത്തരവ്.
4. അഡ്വ.എസ്.സുദർശനകുമാർ സർക്കാരിൽ സമർപ്പിച്ച 15.10.2025-ലെ നോട്ടീസ്.
5. ശ്രീ.സാമുവൽ കെ.സി മുതൽപേർ ഫയൽ ചെയ്ത WP(C)No.42314/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 13.11.2025-ലെ വിധിന്യായം.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്ക് നീലംപേരൂർ വില്ലേജിൽ റോഡ് നിർമ്മാണത്തിനായി (MLA ആസ്തി വികസന ഫണ്ട്) സർവേ നം.191/6-ൽപ്പെട്ട 10 സെന്റ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (1) അപേക്ഷയിന്മേൽ 19.09.2025 തീയതിയിലെ സംസ്ഥാനതല സമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനതല സമിതി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി പരിവർത്തനാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഭൂമി പരിവർത്തനത്തിന് അനുമതി നൽകരുതെന്ന് ആവശ്യപ്പെട്ട് അഡ്വ.സുദർശനകുമാർ അയച്ച പരാമർശം (4) നോട്ടീസിന്മേൽ പരാമർശം (3) സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ശ്രീ.സാമുവൽ കെ.സി. മുതൽപേർ ഫയൽ ചെയ്ത WP(C)No.42314/2025-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ

പരാമർശം (5) വിധിന്യായത്തിൽ പരാമർശം (4) നോട്ടീസ് പരിശോധിച്ച് തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

3. പ്രസ്തുത വിഷയത്തിലെ ഹർജിക്കാരുടെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമാണ്: "ഹർജിക്കാരായ ശ്രീ.സാമുവൽ കെ.സി, ശ്രീ.മത്തായി പി.സി, ശ്രീ.സുശീലൻ എന്നിവർക്ക് വേണ്ടി അഡ്വക്കേറ്റ് സുദർശന കുമാറാണ് സർക്കാരിൽ ഹർജി സമർപ്പിച്ചിരുന്നത്. നീലംപേരൂർ വില്ലേജിൽ ഉൾപ്പെടുന്ന നടുവത്ത് പാടശേഖരത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ് പരാതിക്കാധാരമായ സ്ഥലം. ഇപ്പോൾ സി.എസ്.ഐ പള്ളിക്കും, എസ്.എൻ.ഡി.പി മന്ദിരത്തിനും ഇടയ്ക്ക് ഒരു ട്രാക്ടർ റോഡ് ആണ് ഉള്ളത്. ഈ റോഡ് വീതി കൂട്ടി സി.എസ്.ഐ പള്ളി വരെ ദീർഘിപ്പിക്കാനാണ് പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നത്. ആയത് അംഗീകരിക്കുകയാണെങ്കിൽ മൂന്ന് ഏക്കറോളം വരുന്ന നെൽകൃഷിയെ ദോഷകരമായി ബാധിക്കും. ആയത് മറച്ചുവെച്ച് "പൊതു ആവശ്യം" എന്ന വകുപ്പിൽ ഉൾപ്പെടുത്തി തണ്ണീർത്തട നിയമത്തിന്റെ അന്തസത്തയെ ബാധിക്കുന്ന തരത്തിൽ തരം മാറ്റാനാണ് എതിർകക്ഷികൾ ശ്രമിക്കുന്നത്. ഇത് സംബന്ധിച്ച് പരാതി ജില്ലാ കളക്ടർക്കും നീലംപേരൂർ കൃഷി ഓഫീസർക്കും സമർപ്പിച്ചെങ്കിലും ആയത് പരിഗണിക്കാതെ റിപ്പോർട്ട് സർക്കാരിലേക്ക് നിലം നികത്തലിനു അനുകൂലമായി സമർപ്പിക്കുകയാണ് ചെയ്തത്. ആയതിനാൽ തണ്ണീർത്തട നിയമത്തിന്റെ അന്തസത്തേക്ക് നിരക്കാത്ത ടി പ്രൊപ്പോസൽ സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു."

4. ബഹു.ഹൈക്കോടതിയുടെ പരാമർശം (5) വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം കൃഷി വകുപ്പ് അണ്ടർ സെക്രട്ടറി 10.02.2026-ന് ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. ഹർജിക്കാർക്ക് വേണ്ടി അഡ്വ.രാജേഷ് ഹാജരായി. പള്ളിയിലേക്ക് പോകാൻ മറ്റൊരു വഴി ഉണ്ടെന്നിരിക്കെ ഒരു എക്സ്ട്രാ വഴി നിർമ്മിക്കാൻ വേണ്ടി സമർപ്പിച്ച പ്രൊപ്പോസൽ ആണ് ഇതെന്നും നിലവിൽ ഒരു ട്രാക്ടർ റോഡ് ഉണ്ടെന്നും പുതിയ പ്രൊപ്പോസൽ ഒരു കാരണവശാലും 'പൊതു ആവശ്യം' എന്ന ഉപയോഗത്തിൽ വരില്ലെന്നും ടിയാൻ അറിയിച്ചു. ഇത് സംബന്ധിച്ച് ശരിയായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടില്ലെന്നും ഇത്തരം അനധികൃത തരം മാറ്റം അനുവദിക്കുന്നതിലൂടെ കുട്ടനാട് മേഖലയിലെ നെൽകൃഷിക്ക് നാശം നേരിടുകയാണ് എന്നും അറിയിച്ചു. ഹിയറിംഗിൽ നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക്, നീലംപേരൂർ കൃഷി ഓഫീസർ എന്നിവരും ഹാജരായി. എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതു ഉപയോഗത്തിനായി ഫോറം-2 ൽ കൃഷി ഓഫീസർക്ക് സമർപ്പിച്ച അപേക്ഷയാണെന്ന് ഹെഡ് ക്ലാർക്ക് അറിയിച്ചു. നിലവിലുള്ള നെൽകൃഷിയെയോ ജലനിർഗമന മാർഗ്ഗങ്ങളെയോ തരം മാറ്റം യാതൊരു തരത്തിലും ബാധിക്കില്ലെന്നും പ്രാദേശികതല നിരീക്ഷണ സമിതി ചേർന്ന് സ്ഥല പരിശോധന നടത്തിയാണ് പ്രൊപ്പോസൽ സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതെന്നും കൃഷി ഓഫീസർ അറിയിച്ചു. നെൽവയൽ സംരക്ഷണ സമിതി എന്ന സംഘടനയുടെ ഭാരവാഹി ശ്രീ.ബി.ആർ.സതീശനും ഹിയറിംഗിൽ പങ്കെടുത്തു. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് കുട്ടനാട് മേഖലയിൽ ഇത്തരം തരം മാറ്റങ്ങൾ വ്യാപകമാണെന്നും നിലവിലെ ട്രാക്ടർ പാത വികസിപ്പിച്ചാൽ ആവശ്യമായ വഴി ലഭ്യമാകും എന്നും ഇക്കാര്യം സ്ഥലം നേരിട്ട് പരിശോധിച്ചാൽ ബോധ്യപ്പെടുമെന്നും ടിയാൻ അറിയിച്ചു. സി.എസ്.ഐ പള്ളിക്ക് വേണ്ടി റവ.റെനി ഫിലിപ്പ് ഹാജരായി. സംസ്ഥാനതല സമിതിയിൽ വച്ച് അംഗീകരിച്ചു ഉത്തരവ് ലഭിച്ചതിനെ തുടർന്ന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ആവശ്യമായ ഫണ്ട്

ലഭ്യമാക്കി റോഡിന്റെ പണിയുടെ പ്രാരംഭഘട്ടം ആരംഭിച്ചു എന്നും ഇതിനോട് ചേർന്ന് ഭൂമി വാങ്ങിയ ഒരു വ്യക്തിയുടെ കള്ളപരാതിയാണ് വയൽ അനധികൃതമായി നികത്തുന്നത് എന്നുള്ളതെന്നും ടി വ്യാജ പരാതി തള്ളിക്കളഞ്ഞ് ഉത്തരവ് നിലനിർത്തണമെന്നും ടിയാൻ അഭ്യർത്ഥിച്ചു.

5. ഹർജിക്കാരുടെ വാദഗതികൾ, എതിർകക്ഷികളുടെ വാദഗതികൾ, കൃഷി ഓഫീസറുടെ റിപ്പോർട്ട്, ഹിയറിഗിൽ ലഭ്യമായ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം 'പൊതു ആവശ്യം' എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ അർദ്ധ-സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും ആവശ്യം എന്നർത്ഥമാകുന്നു. ഫോറം-2 ൽ കൃഷി ഓഫീസർ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശയോട് കൂടിയാണ് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. ഈ സ്വഭാവ വ്യതിയാനം പരിസ്ഥിതി സ്വഭാവത്തിന് മാറ്റം വരുത്തുകയില്ല എന്ന ശുപാർശയോടെ കൂടിയാണ് പ്രാദേശികതല നിരീക്ഷണ സമിതി പ്രസ്തുത പ്രപ്പോസൽ സമർപ്പിച്ചിരുന്നത് എന്ന് കാണുന്നു. ടി സ്ഥലത്ത് റോഡ് നിർമ്മിക്കുന്നതിന് തടസ്സമില്ല എന്ന് പാടശേഖരസമിതി 03.02.2020-ൽ അറിയിച്ചതായി കൃഷി ഓഫീസർ സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തതായും കാണുന്നു. തുടർന്ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 19.09.2025-ൽ കൂടിയ യോഗത്തിൽ പരിശോധിച്ചു ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും, സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്ക് നീലംപേരൂർ വില്ലേജിൽ റോഡ് നിർമ്മാണത്തിനായി (എം.എൽ.എ ആസ്തി വികസന ഫണ്ട്) സർവേ നം.191/6-ൽപ്പെട്ട 10 സെന്റ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത ഭൂമി പരിവർത്തനത്തിന് പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശ അംഗീകരിച്ച്, ആവശ്യമായ ജലനിർഗമന മാർഗ്ഗം സുഗമമാക്കി (ഓട, കലുങ്ക് മുതലായവ നിർമ്മിക്കുന്നതിന്) യാതൊരുവിധ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകാത്ത വിധത്തിലും മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ആലപ്പുഴ ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

തുടർന്ന് സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിക്കുകയും, പ്രസ്തുത ഭൂമിയുടെ പരിവർത്തനത്താൽ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ പ്രസ്തുത ഭൂമിയിൽ ആവശ്യമായ ജലനിർഗമന മാർഗ്ഗം സുഗമമാക്കി (ഓട, കലുങ്ക് മുതലായവ നിർമ്മിക്കുന്നതിന്) യാതൊരുവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിലും മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണെന്ന വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്ക് നീലംപേരൂർ വില്ലേജിൽ റോഡ് നിർമ്മാണത്തിനായി (എം.എൽ.എ ആസ്തി വികസന ഫണ്ട്) സർവ്വേ നമ്പർ 191/6-ൽപ്പെട്ട 10 സെന്റ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി

നൽകി ഉത്തരവാകുകയാണ് ചെയ്തത്. ഇതിൽ നിന്നും മേൽ പ്രവർത്തി കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചാണ് സംസ്ഥാനതല സമിതി തരം മാറ്റുന്നതിന് ശിപാർശ ചെയ്തതെന്ന് വ്യക്തമാകുന്നു. ആയതിനാൽ പരാമർശം (3) സർക്കാർ ഉത്തരവ് പുനഃപരിശോധിക്കേണ്ട ആവശ്യകത ഉണ്ടെന്ന് കാണുന്നില്ല. അപ്രകാരം പരാമർശം (5) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
2. ശ്രീ.സാമുവേൽ കെ.സി., കിഴക്കുംവലിൽ, ചക്കചാമ്പക്ക, കൈനാടി പി.ഒ, നിലംപേരൂർ, കുട്ടനാട്, ആലപ്പുഴ-686534.
3. ശ്രീ.മത്തായി പി.സി., ഓച്ചിറയിൽ, നീലംപേരൂർ, ഈര പി.ഒ., കുട്ടനാട്, ആലപ്പുഴ-686534.
4. ശ്രീ.സുശീലൻ, കൊക്കാംപാടം ചിറ, ചക്കചാമ്പക്ക, നീലംപേരൂർ, ഈര പി.ഒ., കുട്ടനാട്, ആലപ്പുഴ-686534.
5. റവ.റെനി ഫിലിപ്പ്, സെന്റ് ജെയിംസ് സി.എസ്.ഐ ചർച്ച്, നീലംപേരൂർ, ഈര പി.ഒ., ആലപ്പുഴ-686534.
6. സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
7. ലാന്റ് റവന്യ കമ്മീഷണർ, തിരുവനന്തപുരം.
8. ജില്ലാ കളക്ടർ, ആലപ്പുഴ.
9. റവന്യൂ ഡിവിഷണൽ ഓഫീസർ, ആലപ്പുഴ.
10. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല. തൃശ്ശൂർ.
11. ഡോ.അനു.ജി.കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റിജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.
12. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
13. കൃഷി ഓഫീസർ, കൃഷി ഭവൻ നീലംപേരൂർ, ആലപ്പുഴ.
14. വില്ലേജ് ഓഫീസർ, നീലംപേരൂർ, ആലപ്പുഴ.
15. വിവര പൊതുജന സമ്പർക്ക വകുപ്പ് പ്രസിദ്ധീകരണത്തിന്).
16. കരുതൽ ഫയൽ ഓഫീസ് പകർപ്പ് (ഫയൽ നം.NCA2/210/2025-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 11-02-2026 14:07:47
സെക്ഷൻ ഓഫീസർ